13324
8/10/15

# കേരള സർക്കാർ

## സംഗ്രഹം

വനം - വന്യജീവി വകുപ്പ് - ശ്രീ. രാജൻ, രാജൻസ് ഹാൻഡിക്രാഫ്റ്റ്സ്, ചന്ദന ലൈസൻസ് - അനുവദിയ്ക്കുന്നതിനുള്ള അപ്പീൽ പെറ്റീഷൻ - നിരസിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (ആർ.റ്റി.)നം.447/2015/വനം     തീയതി, തിരുവനന്തപുരം, 05.10.2015

---

**പരാമർശം** ;-
1. ശ്രീ. രാജൻ 20.03.2015-ൽ സർക്കാരിൽ തന്ന അപ്പീൽ പെറ്റീഷൻ.
2. WP(C)22602/2015 ആയി ഫയൽ ചെയ്ത കേസിലെ 28.07.15 -ലെ വിധിന്യായം.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 20.05.2015-ലെ പ്രൊ.(9)10792/2015 നമ്പർ കത്ത്.

## ഉത്തരവ്

The Kerala Forest (Restriction on cutting and selling of sandal Trees and grant of license for possession and transport of sandal wood and sandal oil Rules 2012, Rule - 6 പ്രകാരം തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ അപേക്ഷ നിരസിച്ചതിനെതിരെ ശ്രീ. രാജൻ പരാമർശം(1) പ്രകാരം അപ്പീൽ പെറ്റീഷൻ സമർപ്പിച്ചു. പരാമർശം (3) പ്രകാരം എസ്.ആർ. ഭവനിൽ ശ്രീ. രാജൻ ചന്ദനത്തടികൾ അനധികൃതമായി കൈവശം സൂക്ഷിക്കുകയും അവ ഉപയോഗിച്ച് വിഗ്രഹങ്ങൾ നിർമ്മിയ്ക്കുവാൻ ശ്രമിക്കുകയും ചെയ്ത കുറ്റത്തിന് 04.08.2014-ൽ പരുത്തിപ്പള്ളി റെയിഞ്ചിൽ ഒ.ആർ. 10/14 നമ്പരായി രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയാണെന്നും ആയതിനാൽ ചന്ദന ലൈസൻസ് അനുവദിയ്ക്കാൻ നിയമ തടസ്സമുണ്ടെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് റിപ്പോർട്ട് ചെയ്തു.

പരാമർശം (2) പ്രകാരം ശ്രീ. രാജൻ സർക്കാരിൽ തന്ന അപ്പീൽ പെറ്റീഷൻ തീർപ്പാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ശ്രീ. രാജന്റെ അപ്പീൽ പെറ്റീഷൻ നിയമപ്രകാരം പരിശോധിച്ച് വിധിപ്പകർപ്പ് ലഭിച്ച് 60 ദിവസത്തിനകം തീർപ്പാക്കാൻ ബഹു. ഹൈക്കോടതി ഉത്തരവാകുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുട്ടത്തറ വില്ലേജിൽ കല്ലുമുട് എസ്.ആർ. ഭവനിൽ ശ്രീ. രാജന്റെ വീട്ടിൽ അനധികൃതമായി ചന്ദനത്തടികൾ കൈവശം സൂക്ഷിച്ച് അവ ഉപയോഗിച്ച് വിഗ്രഹങ്ങൾ നിർമ്മിക്കുവാൻ ശ്രമിച്ചു എന്ന കുറ്റത്തിന് 04.08.2014-ൽ പരുത്തിപ്പള്ളി റെയിഞ്ചിൽ ഒ.ആർ. 10/14 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അനധികൃതമായി സൂക്ഷിച്ചിരുന്ന ചന്ദനത്തടികളും ശിൽപ്പങ്ങളും പിടിച്ചെടുത്ത് സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിട്ടുണ്ട്. ടിയാനിൽ നിന്നും പിടിച്ചെടുത്ത തൊണ്ടിവകകൾ വിട്ടു കിട്ടുന്നതിലേയ്ക്ക് ബഹു. ഹൈക്കോടതിയിൽ Crl.Rev. Pet No.1792/14 ഫയൽ ചെയ്യുകയും ടി കേസ്സിൽ ബഹു. ഹൈക്കോടതി 16.12.2014-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ടി ഉത്തരവിൽ തൊണ്ടിവകകൾ വിട്ടു കൊടുക്കുവാൻ അനുവദിച്ചിട്ടില്ലാത്തതും The Kerala Forest (Restriction on cutting and selling of sandal Trees and grant of license for possession and transport of sandal wood and sandal oil Rules 2012 - ലെ ചട്ടം 7(4) iii -ലെയും ചട്ടം 8(6)-ലെയും വ്യവസ്ഥകൾ പ്രകാരം ഫോറസ്റ്റ് കേസിൽ ഉൾപ്പെട്ട പ്രതികൾക്ക് ചട്ടം 6 പ്രകാരമുള്ള ലൈസൻസ് നൽകുന്നതിന് നിയമ തടസ്സം ഉള്ളതാകുന്നു.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 10.03.2015-ലെ ജി4-7136/14 നമ്പർ ഉത്തരവ് പ്രകാരം ചന്ദന ലൈസൻസിനുള്ള അപേക്ഷ നിരസിച്ചതിനെതിരെ ശ്രീ. രാജൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ നിരസിച്ചു കൊണ്ടും ബഹു. ഹൈക്കോടതിയുടെ 28.07.2015-ലെ വിധി ന്യായം നടപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി. മാരപാണ്ഡ്യൻ,**
പ്രിൻസിപ്പൽ സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം ( with covering letter)
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്. തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം.
ഫോറസ്റ്റ് റേഞ്ച് ഓഫീസർ, പരുത്തിപ്പള്ളി തിരുവനന്തപുരം -. 695 574.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം
നിയമവകുപ്പ് ( 4468/ലെജ്.ജി1/15/നിയമം അനൗദ്യോഗിക കുറിപ്പ്)
വെബ് & മീഡിയ സെക്ഷൻ.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.